ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം
പ്രാദേശിക വാർത്തകൾ

TIME: 06.30 PM DATE:18-07-2024

## പ്രധാനവാർത്തകൾ

PNU TVPM

1) നിരോധിത പ്ലാസ്റ്റിക്ക് ക്യാരി ബാഗുകളും, ഉത്പ്പന്നങ്ങളും ഉപയോഗിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കാൻ മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനം.

2) വടക്കൻ കേരളത്തിൽ അതിശക്തമായ മഴ തുടരുന്നു. വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് ചുവപ്പ് ജാഗ്രത. മൂന്ന് ജില്ലകളിലും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നാളെ അവധി.

3) നീറ്റ് - യു ജി പരീക്ഷയിൽ വിദ്യാർത്ഥികൾക്ക് ലഭിച്ച മാർക്ക് പ്രസിദ്ധീകരിക്കാൻ ദേശീയ ടെസ്റ്റിംഗ് ഏജൻസിയോട് നിർദ്ദേശിച്ച് സുപ്രീംകോടതി.

4) പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് വിതരണത്തിനായി ധനവകുപ്പ് 120 കോടി രൂപ അനുവദിച്ചു.

5) വൈദ്യുതി പുനഃസ്ഥാപന പ്രവർത്തനങ്ങൾ

ഏകോപിപ്പിക്കാൻ 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ ആരംഭിച്ച് കെ.എസ്.ഇ.ബി

6) ഏഷ്യ കപ്പ് വനിതാ ട്വൻറി-20 ക്രിക്കറ്റിൽ നാളെ ഇന്ത്യ-പാകിസ്ഥാനെ നേരിടും.

*************************************

മുഖ്യമന്ത്രി-ആമയിഴഞ്ചാൻ തോട്/ ( ഇൻട്രോ)

തിരുവനന്തപുരം ആമയിഴഞ്ചാൻ തോടിലെ മാലിന്യപ്രശ്നവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രി പിണറായി വിജയൻറെ അധ്യക്ഷതയിൽ അടിയന്തര യോഗം ചേർന്നു. നിരോധിത പ്ലാസ്റ്റിക്ക് ക്യാരി ബാഗുകളും ഉൽപ്പന്നങ്ങളും ഉപയോഗിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കാൻ യോഗത്തിൽ തീരുമാനമായി. നഗരത്തിലെ മാലിന്യ പ്രശ്നം പരിഹിക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ മേൽനോട്ടം ഏകോപിപ്പിക്കുന്നതിനുള്ള സ്പെഷ്യൽ ഓഫീസറായി സബ് കളക്ടറെ ചുമതലപ്പെടുത്താനും യോഗം തീരുമാനിച്ചു. പൊതുനിരത്തിലും ജലാശയത്തിലും മാലിന്യം നിക്ഷേപിക്കുന്ന വാഹനങ്ങളുടെ രജിസ്ട്രേഷൻ റദ്ദ് ചെയ്യാനും തീരുമാനിച്ചിട്ടുണ്ട്. ചീഫ് സെക്രട്ടറി ഉൾപ്പെടെയുള്ള ഉന്നത ഉദ്യോഗസ്ഥരും, റെയിൽവേ ഡിവിഷണൽ മാനേജരും യോഗത്തിൽ പങ്കെടുത്തു. ശാസ്ത്രീയമായ മാലിന്യ സംസ്കരണം ഉറപ്പു വരുത്തണമെന്നും, തമ്പാനൂർ റെയിൽവേ സ്റ്റേഷനിലൂടെ ഒഴുകുന്ന 130 മീറ്റർ നീളമുള്ള ടണൽ ശുചീകരിക്കണമെന്നും റെയിൽവേയോട് യോഗം നിർദ്ദേശിച്ചു. തമ്പാനൂർ ബസ് ഡിപ്പോയിൽ നിന്നുള്ള മലിന ജലവും, ഖര മാലിന്യങ്ങളും ആമയിഴഞ്ചാൻ തോടിലേയ്ക്ക് തള്ളുന്നത് ഒഴിവാക്കണമെന്ന് കെഎസ്ആർടിസിക്കും യോഗം നിർദ്ദേശം നൽകി.

RNU TVPM

*************************************

## മഴ ജാഗ്രത

സംസ്ഥാനത്തിൻറെ വടക്കൻ ജില്ലകളിൽ അതിശക്തമായ മഴ തുടരുന്നു. അതിതീവ്ര മഴയ്ക്ക് സാധ്യതയുള്ളതിനാൽ വയനാട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഇന്ന് ചുവപ്പ് ജാഗ്രത നൽകി. കോട്ടയം, ഇടുക്കി, എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയും മറ്റ് 4 ജില്ലകളിൽ മഞ്ഞ ജാഗ്രതയുമാണ്. ബംഗാൾ ഉൾക്കടലിൽ പുതിയ ന്യൂനമർദ്ദം രൂപപ്പെട്ടതിൻറെ ഫലമായി സംസ്ഥാനത്ത് അടുത്ത 5 ദിവസം വ്യാപകമഴ തുടരും. കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ നാളെയും ഓറഞ്ച് ജാഗ്രത നൽകിയിട്ടുണ്ട്. കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് പോകരുതെന്നാണ് മുന്നറിയിപ്പ്. കടൽ പ്രക്ഷുബ്ധമാകാൻ സാധ്യതയുള്ളതിനാൽ കണ്ണൂർ, കാസർഗോഡ് തീരങ്ങളിൽ പ്രത്യേക ജാഗ്രത പാലിക്കണമെന്നും നിർദ്ദേശമുണ്ട്.

*************************************

## കണ്ണൂർ മഴ (ഇൻട്രോ)

കണ്ണൂരിൽ അതിശക്തമായ മഴ തുടരുന്നു. ഇന്ന് രാവിലെ മുതൽ പെയ്യുന്ന മഴ, വലിയ തോതിലുള്ള നാശനഷ്ടമാണ് വരുത്തിയിരിക്കുന്നത്. പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെ ജില്ലയിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും നാളെ അവധി

RNU TVPM

പ്രഖ്യാപിച്ചു. മുൻ നിശ്ചയിച്ച പ്രകാരമുള്ള പൊതുപരീക്ഷകൾക്ക് മാറ്റമില്ല.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ.

(ഹോൾഡ് - വോയിസ്)

**************************************

## കോഴിക്കോട് മഴ

കോഴിക്കോട് ജില്ലയിലെ ഗ്രാമീണ മേഖലകളിലും മഴ ശക്തമാണ്. നാദാപുരം ചെക്യാട് പഞ്ചായത്തുകളോട് ചേർന്ന വിഷ്ണു മംഗലം ബണ്ട് നിറഞ്ഞൊഴുകി. കക്കയം ഡാമിലെ ജലനിരപ്പ് 755 മീറ്റർ എത്തിയതിനാൽ ജാഗ്രതാ നിർദേശം നൽകിയിട്ടുണ്ട്. പൂനൂർ പുഴയിലും ചാലിയാർ പുഴയിലും ഇരുവഞ്ഞിപ്പുഴയിലും ചെറുപുഴയിലും വെള്ളം ഉയർന്നിട്ടുണ്ട്.

RNU TVPM

**************************************

## വയനാട് മഴ - ഇൻട്രോ

വയനാട്ടിലും കഴിഞ്ഞ മൂന്ന് ദിവസമായി മഴ ശക്തമായി തുടരുകയാണ്. താഴ്ന്ന പ്രദേശങ്ങൾ മിക്കവയും വെള്ളത്തിനടിയിലാണ്. ജില്ലയിലെ പ്രൊഫഷണൽ കോളേജ് ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നാളെ അവധി പ്രഖ്യാപിച്ചു.

വിശദാംശങ്ങളുമായി ആകാശവാണി വയനാട് ജില്ലാ പ്രതിനിധി അരുൺ വിൻസൻ്റ്......

(ഹോൾഡ് -വോയിസ്)

**************************************

**അവധി - കാസർഗോഡ്**

കാസർഗോഡ് ജില്ലയിൽ കനത്ത മഴ തുടരുന്ന സാഹചര്യത്തിൽ നാളെ സ്കൂളുകൾക്ക് ജില്ലാ കളക്ടർ അവധി പ്രഖ്യാപിച്ചു. എന്നാൽ കൊളേജുകൾക്ക് അവധി ബാധകമല്ല. മുൻകൂട്ടി പ്രഖ്യാപിച്ച പരീക്ഷകളിലും മാറ്റമില്ല

**************************************

**മണ്ണിടിഞ്ഞ്**

ഇടുക്കിയിലും ഇന്ന് ശക്തമായ മഴ തുടർന്നു. അടിമാലി കുമളി ദേശിയപാതയിൽ കല്ലാർകുട്ടിക്ക് സമീപം മണ്ണിടിഞ്ഞ് ഗതാഗതം തടസ്സപ്പെട്ടു. മഴ മുന്നറിയിപ്പുകൾ പിൻവലിക്കുന്നത് വരെ ജില്ലയിൽ രാത്രികാല യാത്രയ്ക്കു നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്.

RNU TVPM

**************************************

**നീറ്റ് - യു ജി**

നീറ്റ് - യു ജി പരീക്ഷയിൽ വിദ്യാർത്ഥികൾക്ക് ലഭിച്ച മാർക്ക് പ്രസിദ്ധീകരിക്കാൻ ദേശീയ ടെസ്റ്റിംഗ് ഏജൻസിയോട് സുപ്രീംകോടതി നിർദ്ദേശിച്ചു. നീറ്റ് - യു ജി പരീക്ഷാ ക്രമക്കേടുമായി ബന്ധപ്പെട്ട ഹർജികളിൽ വാദം

കേൾക്കുകയായിരുന്നു കോടതി. റോൾ നമ്പർ മറച്ച് വച്ച ശേഷം, ഓരോ സെൻററിലും പരീക്ഷ എഴുതിയ വിദ്യാർത്ഥികളുടെ മാർക്ക് വിശദമായി പ്രസിദ്ധീകരിക്കാനാണ് നിർദ്ദേശിച്ചിരിക്കുന്നത്. ശനിയാഴ്ച 12 മണിക്കുള്ളിൽ മാർക്ക് പ്രസിദ്ധീകരിക്കണം. കേസിൽ തിങ്കളാഴ്ച വീണ്ടും വാദം തുടരും. വ്യാപകമായ ക്രമക്കേട് നടന്നിട്ടുണ്ടെങ്കിൽ മാത്രമേ പുനഃപരീക്ഷയ്ക്ക് ഉത്തരവിടൂ എന്നും സുപ്രീം കോടതി വ്യക്തമാക്കി.

**************************************

## പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്

പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് വിതരണത്തിന് 120 കോടി രൂപ അനുവദിച്ചതായി ധനമന്ത്രി കെ എൻ ബാലഗോപാൽ. ബജറ്റ് വിനിയോഗ പരിധി നൂറു ശതമാനം ഉയർത്തിയാണ് തുക ലഭ്യമാക്കുന്നത്. ഇതോടെ ഇ – ഗ്രാന്റ്സ് പോർട്ടലിൽ കുടിശികയുള്ള മുഴുവൻ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് തുകയും വിതരണം ചെയ്യാനാകും.

RNU TVPM

**************************************

## മേൽപാലങ്ങൾ - ടൂറിസം

മേൽപാലങ്ങളുടെ താഴെ ഉപയോഗിക്കപ്പെടാതെ കിടക്കുന്ന ഭാഗങ്ങൾ പൊതു ഇടങ്ങളാക്കി മാറ്റുന്ന പദ്ധതിയുമായി സംസ്ഥാന ടൂറിസം വകുപ്പ്. രൂപകൽപ്പനാ നയത്തിൻറെ ഭാഗമായുള്ള ആദ്യ പദ്ധതിക്ക് കൊല്ലം നെഹ്റു പാർക്കിൽ മന്ത്രി പിഎ മുഹമ്മദ് റിയാസ് ശനിയാഴ്ച തുടക്കം കുറിക്കും. കൊല്ലം എസ്എൻ കോളേജിനു സമീപമുള്ള റെയിൽവേ

മേൽപാലത്തിൻറെ അടിവശമാണ് ഇതിലൂടെ സൗന്ദര്യവൽക്കരിക്കുന്നത്.

****************************************

## കെ എസ് ഇ ബി

വൈദ്യുതി പുനഃസ്ഥാപന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ ഇലക്ട്രിക്കൽ സർക്കിൾ തലത്തിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ ആരംഭിച്ച് കെ.എസ്.ഇ.ബി. അതത് സർക്കിൾ പരിധിയിൽ വരുന്ന ഉപഭോക്താക്കൾക്ക് കൺട്രോൾ റൂം നമ്പരിലേക്ക് വിളിച്ച് പരാതി അറിയിക്കാനാവും. പരാതി അറിയിക്കാൻ ഇലക്ട്രിക്കൽ ഡിവിഷൻ അടിസ്ഥാനത്തിൽ വാട്സാപ് നമ്പരും വൈകാതെ നിലവിൽ വരും. കനത്ത കാറ്റും മഴയും കാരണം വൈദ്യുതി ശൃംഖലയ്ക്ക് വ്യാപക നാശനഷ്ടമുണ്ടായ സാഹചര്യം പരിഗണിച്ചാണ് നടപടി.

RNU TVPM

****************************************

## ബി ജെ പി മാർച്ച്

ആമയിഴഞ്ചാൻ തോട്ടിൽ വീണ് ശുചീകരണ തൊഴിലാളി മരിച്ച സംഭവത്തിൽ പ്രതിഷേധിച്ച് ബിജെപി, തിരുവനന്തപുരം നഗരസഭ ഓഫീസിലേക്ക് നടത്തിയ മാർച്ച് മുൻ കേന്ദ്രമന്ത്രി വി.മുരളീധരൻ ഉദ്ഘാടനം ചെയ്തു. തിരുവനന്തപുരത്തെ മാലിന്യ നിർമാർജ്ജനത്തിന്റെ ഉത്തരവാദിത്തം സംസ്ഥാന സർക്കാരിനും നഗരസഭയ്ക്കുമാണെന്ന് അദ്ദേഹം പറഞ്ഞു.

നഗരസഭാ ഓഫീസിലേക്ക് തള്ളിക്കയറാൻ ശ്രമിച്ച പാർട്ടി പ്രവർത്തകർക്കെതിരെ പൊലീസ് ജലപീരങ്കി പ്രയോഗിച്ചു. ജോയിയുടെ കുടുംബത്തിന് റെയിൽവേ ധനസഹായം നൽകണമെന്നാവശ്യപ്പെട്ട് സിപിഐഎം ഇന്ന് റെയിൽവേ ഡിവിഷൻ ഓഫീസിന് മുന്നിൽ ധർണ നടത്തി. പാർട്ടി ജില്ലാസെക്രട്ടറി വി.ജോയ് എംഎൽഎ പ്രതിഷേധം ഉദ്ഘാടനം ചെയ്യു.

**************************************

## മൻ കി ബാത്ത് ക്വിസ്

RNU TVPM

കേന്ദ്ര യുവജനകാര്യ കായിക മന്ത്രാലയത്തിന് കീഴിലുള്ള നെഹ്റു യുവ കേന്ദ്ര സംഘടിപ്പിക്കുന്ന മൻ കി ബാത്ത് ക്വിസ് മൂന്നാം സീസണിന്റെ താലൂക്ക് തല മത്സരങ്ങളുടെ ഉദ്ഘാടനം കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ ഞായറാഴ്ച നിർവഹിക്കും. തിരുവനന്തപുരം കുന്നുംപുറം ചിന്മയ വിദ്യാലയത്തിൽ നടക്കുന്ന പരിപാടിയിൽ മുൻ കേന്ദ്ര വിദേശകാര്യ ,പാർലമെന്ററികാര്യ സഹമന്ത്രി ശ്രീ വി. മുരളീധരൻ അധ്യക്ഷത വഹിക്കും.

**************************************

## വനിതാ ട്വന്റി-20

ഏഷ്യ കപ്പ് വനിതാ ട്വന്റി-20 ക്രിക്കറ്റ് ടൂർണമെൻറിന് ശ്രീലങ്കയിൽ നാളെ തുടക്കമാകും. ഹർമൻപ്രീത് കൗർ ഇന്ത്യൻ സംഘത്തെ നയിക്കും. ഗ്രൂപ്പ് മത്സരത്തിൽ ഇന്ത്യ നാളെ പാകിസ്ഥാനെ നേരിടും. വൈകുന്നേരം 7 മണിക്കാണ് മത്സരം.

**************************************

## ഭിന്നശേഷി നയ പരിഷ്കരണം

പരിഷ്കരിച്ച ഭിന്നശേഷി നയം സംബന്ധിച്ച് അഭിപ്രായങ്ങളും നിർദേശങ്ങളും ക്ഷണിച്ച് സംസ്ഥാന സാമൂഹ്യനീതി വകുപ്പ്. സെൻ്റർ ഫോർ മാനേജ്മെൻ്റ് ഡെവലപ്മെൻ്റ് മുഖേനയാണ് ഭിന്നശേഷി നയം പരിഷ്കരിക്കുന്നത്. നിലവിലെ നയത്തിലെ പോരായ്മകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ, പരിഷ്കരിക്കുന്ന നയത്തിൽ ഉൾപ്പെടുത്തേണ്ട നല്ല മാതൃകകൾ എന്നിവ ജൂലൈ 31 നകം സമർപ്പിക്കാവുന്നതാണ്.

**************************************

## സ്മരണ പുതുക്കി മൂന്നാർ

RNU TVPM

ഒരു നൂറ്റാണ്ട് മുമ്പ് വൻ നാശം വിതച്ച് കടന്ന് പോയ 1924 ലെ മഹാപ്രളയത്തിൻ്റെ ഓർമ്മകൾ പുതുക്കി മൂന്നാർ നഗരം. മഹാ പ്രളയത്തിൽ നിന്നും നീന്തിക്കയറിയവർക്ക് അഭയമൊരുക്കിയ മൂന്നാർ മൗണ്ട് കാർമ്മൽ ദേവാലയത്തിൻ്റെ പാരിഷ് ഹാളിൽ മൂന്നാർ ജി വി എച്ച് എസ് എസ് ഓൾഡ് സ്റ്റുഡൻ്റ്സ് അസോസിയേഷനാണ് മൂന്ന് ദിവസത്തെ പരിപാടി സംഘടിപ്പിച്ചിരിക്കുന്നത്. ആദ്യകാല മൂന്നാറിൻ്റെയും, മഹാപ്രളയത്തിൽ മൂന്നാർ മേഖല നേരിട്ട ദുരന്തത്തിൻറെയും ചിത്രങ്ങൾ, 1924 ജൂലൈ മാസത്തെ പത്രങ്ങൾ എന്നിവ ഇതിൻറെ ഭാഗമായി പ്രദർശിപ്പിച്ചിട്ടുണ്ട്. ദേവികുളം സബ് കളക്ടർ വി എം ജയകൃഷ്ണൻ പരിപാടി ഉദ്ഘാടനം ചെയ്തു.

***************************************************************************

**************************************